©
Government of Kerala
കേരള സർക്കാർ
2009

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
## കേരള ഗസറ്റ്
### EXTRAORDINARY
അസാധാരണം
### PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | |
|---|---|---|---|
| Vol. LIV<br>വാല്യം 54 | Thiruvananthapuram, Tuesday<br>തിരുവനന്തപുരം, ചൊവ്വ | 30th June 2009<br>2009 ജൂൺ 30<br>9th Ashadha 1931<br>1931 ആഷാഢം 9 | No. 1187<br>നമ്പർ |

GOVERNMENT OF KERALA

**Law (E) Department**

NOTIFICATION

G. O. (P) No. 16/2009/Law. *Dated, Thiruvananthapuram, 25th June, 2009.*

THE KERALA REGISTRATION OF MARRIAGES (COMMON) AMENDMENT RULES, 2009

1. *Short title, extent and commencement.*—(1) These Rules may be called the Kerala Registration of Marriages (Common) Amendment Rules, 2009.

(2) They shall extend to the whole of the State of Kerala.

(3) They shall come in to force at once.

2. *Amendment of the Rules.*—In the Kerala Registration of Marriages (Common) Rules, 2008,—

(1) In rule 4, for the words "the Joint Director of Urban Affairs" the words "the Regional Joint Director" shall be substituted.

(2) In Rule 9,—

(i) in sub-rule (2) for the words "one year" the words "eighteen months" shall be substituted.

(ii) in sub-rule (3) for the words "a copy of the certificate of marriage issued by the religious authority concerned" the words "a copy of the certificate of marriage issued by the religious authority concerned or a declaration from a Gazetted Officer/Member of Parliament/Member of Legislative Assembly/Member of Local Self Government Institution in Form No. II appended to these rules" shall be inserted.

(3) In rule 10 for the words "before the expiry of one year" the words "before the expiry of eighteen months" shall be substituted.

(4) In Form No. 1 under entry 3,—

(i) in the Table, under the column 'Details',—

(a) in the entries against item (c) for the brackets and words, "(sufficient proof shall be produced)" the brackets and words "(sufficient proof such as S.S.L.C. Book, Driving Licence, Passport, School Admission Register or other records issued by the Government showing date of birth shall be produced)" shall be substituted;

(b) after item (c) and the entires against it, the following item and entries shall respectively be inserted, namely:—

"(ca) occupation"

(c) the sign '*' against item (f) shall be omitted.

(ii) Under the table the words, signs and brackets " * put (√) mark on whichever is applicable" shall be omitted.

(5) For Form No. II, the following shall be substituted, namely:—

"FORM No. II

DECLARATION OF MP/MLA/GAZETTED OFFICER/ MEMBER OF LOCAL SELF GOVERNMENT INSTITUTIONS

[*See* Rules 9 (3), 9 (4) and Rule 10]

I ..........................................................................................................................

hereby certify that the marraige between

Sri ...................................................................................................................... and

Smt. ................................................................................................................... was

solemnized at ..................................................................................................... on

........................................................................................................................... and

the fact is personally known to me.

Place: *Signature:*

Date: *Name:*

(MP/MLA/Gazetted Officer/Member of Local Self Government Institution)"

(6) In Form No. III, under entry 3, in the Table under the column 'Details', after item (c) and the entries against it, the following item and entries shall respectively be inserted, namely:—

"(ca) occupation"

By order of the Governor,

K. SASIDHARAN NAIR,
*Law Secretary.*

കേരള സർക്കാർ

നിയമ (ഇ) വകുപ്പ്

വിജ്ഞാപനം

സ. ഉ. (അച്ചടിച്ചത്) നമ്പർ. 16/2009/നിയമം. 2009 ജൂൺ 25.

## 2009-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2009-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ഭേദഗതി ചട്ടങ്ങൾ എന്ന് പേർ പറയാം.

(2) ഈ ചട്ടങ്ങൾക്ക് കേരള സംസ്ഥാനത്തൊട്ടാകെ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2008-ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ,—

(1) 4-ാം ചട്ടത്തിൽ "അർബൻ അഫയേഴ്സ് ജോയിന്റ് ഡയറക്ടറും" എന്ന വാക്കുകൾക്കു പകരം, "റീജിയണൽ ജോയിന്റ് ഡയറക്ടറും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) 9-ാം ചട്ടത്തിൽ,—

(i) (2)-ാം ഉപചട്ടത്തിൽ, "ഒരു വർഷകാലയളവിനുള്ളിൽ" എന്ന വാക്കുകൾക്കുപകരം, "പതിനെട്ടുമാസങ്ങൾക്കുള്ളിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(ii) (3)-ാം ഉപചട്ടത്തിൽ, "ബന്ധപ്പെട്ട മതാധികാരസ്ഥാനം നൽകുന്ന വിവാഹ സാക്ഷ്യപത്രത്തിന്റെ പകർപ്പും" എന്ന വാക്കുകൾക്കുപകരം, "ബന്ധപ്പെട്ട മതാധികാരസ്ഥാനം നൽകുന്ന വിവാഹസാക്ഷ്യപത്രത്തിന്റെ പകർപ്പോ ഒരു ഗസറ്റഡ് ഓഫീസറിൽ നിന്നോ പാർലമെന്റ് അംഗത്തിൽ നിന്നോ നിയമസഭാ അംഗത്തിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അംഗത്തിൽ നിന്നോ ഈ ചട്ടങ്ങൾക്ക് അനുബന്ധമായുള്ള II-ാം നമ്പർ ഫാറത്തിലുള്ള ഒരു പ്രഖ്യാപനമോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(3) 10-ാം ചട്ടത്തിൽ "ഒരു വർഷം കഴിയുന്നതിനു മുൻപ്" എന്ന വാക്കുകൾക്കു പകരം, "പതിനെട്ടു മാസം കഴിയുന്നതിനു മുൻപ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(4) ഫാറം I-ലെ 3-ാം ഉൾക്കുറിപ്പിന് താഴെ,—

(i) പട്ടികയിൽ 'വിവരങ്ങൾ' എന്ന കോളത്തിന് താഴെ,—

(എ). (സി) ഇനത്തിന് എതിരെയുള്ള ഉൾക്കുറിപ്പുകളിൽ, "(മതിയായ തെളിവ് ഹാജരാക്കേണ്ടതാണ്)" എന്ന വാക്കുകൾക്കും ബ്രാക്കറ്റുകൾക്കും പകരം "(എസ്.എസ്.എൽ.സി. ബുക്ക്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, സ്കൂൾ പ്രവേശന രജിസ്റ്റർ, അല്ലെങ്കിൽ സർക്കാർ നൽകിയ ജനന തീയതി കാണിക്കുന്ന മറ്റു രേഖകൾ എന്നിവ പോലെയുള്ള മതിയായ തെളിവ് ഹാജരാക്കേണ്ടതാണ്)" എന്ന വാക്കുകളും ബ്രാക്കറ്റുകളും ചേർക്കേണ്ടതാണ് ;

(ബി). (സി) ഇനത്തിനും അതിനെതിരെയുള്ള ഉൾക്കുറിപ്പുകൾക്കും ശേഷം, യഥാക്രമം താഴെ പറയുന്ന ഇനവും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ്, അതായത്:—

"(സിഎ) തൊഴിൽ"

(സി). (എഫ്) ഇനത്തിനെതിരെയുള്ള '*' ചിഹ്നം വിട്ടുകളയേണ്ടതാണ്.

(ii) പട്ടികയ്ക്ക് താഴെ, "ബാധകമാകുന്നതിന് (√) അടയാളം ഇടേണ്ടതാണ്" എന്ന വാക്കുകളും ചിഹ്നവും ബ്രാക്കറ്റുകളും വിട്ടുകളയേണ്ടതാണ്.

(5) ഫാറം II-നുപകരം, താഴെ പറയുന്ന ഫാറം ചേർക്കേണ്ടതാണ്, അതായത്:—

"ഫാറം II

പാർലമെന്റ് അംഗം/നിയമസഭാംഗം/ഗസറ്റഡ് ഓഫീസർ/തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അംഗം എന്നിവരുടെ പ്രഖ്യാപനം

[ചട്ടം 9(3), 9(4), ചട്ടം 10 ഉം കാണുക]

ശ്രീ..........................................................................................................ഉം
ശ്രീമതി.............................................................................................ഉം തമ്മിലുള്ള
വിവാഹം.......................................................................സ്ഥലത്തുവച്ച്..............................
തീയതിയിൽ നടന്നിട്ടുള്ളതാണെന്നും ഇക്കാര്യം എനിക്ക് നേരിട്ടറിയാമെന്നും ഞാൻ.......................................................ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : ഒപ്പ് :

തീയതി : പേര് :

(പാർലമെന്റ് അംഗം/നിയമസഭാംഗം/ഗസറ്റഡ് ഓഫീസർ/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അംഗം)"

33/2192/09

(6) ഫാറം നമ്പർ III-ൽ പട്ടികയിലെ 3-ാം ഉൾക്കുറിപ്പിൽ 'വിശദ വിവരങ്ങൾ' എന്ന കോളത്തിന് താഴെ, '(സി) ഇനത്തിനും അതിന് എതിരെയുള്ള ഉൾക്കുറിപ്പുകൾക്കുംശേഷം, യഥാക്രമം താഴെ പറയുന്ന ഇനവും ഉൾക്കുറിപ്പുകളും ചേർക്കേണ്ടതാണ് :—

"(സി എ) തൊഴിൽ"

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ. ശശിധരൻ നായർ,
*നിയമവകുപ്പ് സെക്രട്ടറി.*

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2009.